"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യ സംസ്കരണത്തിനായുള്ള മേഖലാതല - ക്ലസ്റ്റർതല പ്ലാന്റുകൾ, വൻകിട സി.ബി.ജി. പ്ലാന്റുകൾ, പ്രധാനപ്പെട്ട പി.പി.പി. പ്ലാന്റുകൾ എന്നീ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ, പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഏകോപനം എന്നിവയ്ക്കായി സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം. ) വകുപ്പ്**

സ.ഉ.(സാധാ) നം.771/2026/LSGD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:- ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.01.2026-ലെ SM/2515/2024-C3-Part(1) നമ്പർ കത്ത്.

**ഉത്തരവ്**

ആർ.ഡി.എഫ്. പ്ലാന്റുകൾ, മേഖലാതല സാനിറ്ററി ഇൻസിനറേഷൻ പ്ലാന്റുകൾ എന്നീ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ, പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഏകോപനം എന്നിവയ്ക്കായി ഒരു സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഇതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശത്തിലെ കത്തിലൂടെ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാലിന്യ സംസ്കരണത്തിനായുള്ള മേഖലാതല - ക്ലസ്റ്റർതല പ്ലാന്റുകൾ, വൻകിട സി.ബി.ജി. പ്ലാന്റുകൾ, പ്രധാനപ്പെട്ട പി.പി.പി. പ്ലാന്റുകൾ എന്നീ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ, പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഏകോപനം എന്നിവയ്ക്കായി ചുവടെ ചേർത്തിട്ടുള്ള അംഗങ്ങളെ ഉൾപ്പെടുത്തി സ്റ്റേറ്റ് ലെവൽ മേണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

i. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ചെയർപേഴ്സൺ)

ii. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ (കൺവീനർ)

iii. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് - മെമ്പർ

iv. ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് - മെമ്പർ

v. ചെയർപേഴ്സൺ, പൊല്യൂഷൻ കൺട്രോൾ ബോർഡ് - മെമ്പർ

vi. മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി (CKCL-മായി ബന്ധപ്പെട്ട പ്ലാന്റുകളുടെ

വിഷയത്തിൽ ) - മെമ്പർ

കൂടാതെ ബി.പി.സി.എൽ (BPCL), കെ.എസ്.ഐ.ഡി.സി (KSIDC), മുതലായ സ്റ്റേക്ക്ഹോൾഡർമാരുടെ പ്രതിനിധികളെയും അതത് സാഹചര്യത്തിനനുസൃതമായി പ്രത്യേക ക്ഷണിതാക്കളായി (invitees) സ്റ്റേറ്റ് ലെവൽ മേണിറ്ററിംഗ് കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(3) സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ മുഖ്യ ചുമതലകൾ ചുവടെ ചേർക്കുന്നു.

i. മേഖലാതല RDF, സാനിറ്ററി പ്ലാന്റുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സാങ്കേതിക വിഷയങ്ങൾ പരിശോധിച്ച് പ്രശ്നങ്ങൾ പരിഹരിക്കൽ.

ii. പ്ലാന്റുകൾ പരിസ്ഥിതി സൗഹൃദമായും കുറ്റമറ്റ രീതിയിലും പ്രവർത്തിക്കുന്നതിന് ആവശ്യമായ തീരുമാനങ്ങളും നിർദ്ദേശങ്ങളും നൽകൽ.

iii. കൃത്യമായ ഇടവേളകളിൽ പ്ലാന്റ് നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തൽ.

iv. പ്ലാന്റുകളുടെ സുഗമമായ പ്രവർത്തനത്തിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യത്തിന്റെ ലഭ്യത ഉറപ്പാക്കൽ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ബി.പി.സി.എൽ.
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vinod Kumar. V
Date: 16-03-2026 12:58:19

സെക്ഷൻ ഓഫീസർ

പകർപ്പ്:-
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.